# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 184** **05-12-2022 - ൽ മറുപടിയ്ക്ക്**

## കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത് ; | (എ) | **കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഫയർ ആന്റ് സേഫ്റ്റിയോട് അനുബന്ധിച്ചുള്ള പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ വർക്ക് പൂർത്തീകരിക്കാൻ ഉണ്ട്. അതോടൊപ്പം 76.73 ലക്ഷം രൂപയ്ക്ക് ആർദ്രം ഒ.പി.ഡി. ട്രാൻസ്ഫോർമേഷൻ വർക്കുകൾ, ഒ.പി. കാഷ്വാലിറ്റിയ്ക്ക് മുന്നിലെ ഇന്റർലോക്ക് എന്നിവ എൻ.എച്ച്.എം. മുഖേന FIT എന്ന ഏജൻസിയെ ഏൽപ്പിച്ച് വർക്ക് പുരോഗമിക്കുന്നു. ടി പദ്ധതിയുടെ പൂർത്തീകരണ കാലയളവ് 08-05-2023 ആണ്. ആർദ്രം മിഷന്റെ മൂന്നാം ഘട്ടത്തിൽ ടി ആശുപത്രിയ്ക്കായി ഒരു കോടി രൂപയുടെ അംഗീകാരം ലഭിച്ചു. WAPCOS എന്ന ഏജൻസിയ്ക്കാണ് നിർമ്മാണ ചുമതല. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.**<br><br>**എൻ.എച്ച്.എം-ന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നേത്രരോഗ വിഭാഗം സ്ഥാപിക്കുന്നതിന് ഒരു കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു. KSIE എന്ന ഏജൻസിയ്ക്കാണ് നിർമ്മാണ ചുമതല. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.** |
| (ബി) | പ്രവൃത്തികൾ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ; | (ബി) | ഓരോ വർക്കുകൾക്കും പ്രത്യേകം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനാലാണ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്. |
| (സി) | പുതിയ കെട്ടിടം പൊതുജനങ്ങൾക്ക് എന്നത്തേക്ക് തുറന്നുകൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പുതിയ കെട്ടിടം പണി പൂർത്തിയാക്കി പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം കൈമാറിയതിനുശേഷം ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ വർഷത്തെ ശബരിമല സീസണിൽ കെട്ടിടം തുറന്നുകൊടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ? | (ഡി) | പുതിയ കെട്ടിടം പണി പൂർത്തിയാക്കി പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം കൈമാറിയതിനുശേഷം ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ